# പോരാട്ടത്തെ അതിജീവിക്കൽ

തന്റെ പിൻഗാമികളെല്ലാം ഒന്നായിരിക്കേണ്ടതിനാണ് യേശു പ്രാർത്ഥിച്ചത് (യോഹന്നാൻ 17:20, 21). "ഏകാഭിപ്രായത്തിലും ഏകമനസ്സിലും യോജിച്ചിരിക്കേണം" എന്നാണ് പൗലൊസ് പറഞ്ഞതു (1 കൊരിന്ത്യർ 1:10). "ശത്രുത്വം," "പോരാട്ടം," "കോപം, വാഗ്വാദം, ഭിന്നതകൾ," കൂടാതെ "അനൈക്യം" എന്നിവ ജഡത്തിന്റെ പ്രവൃത്തികളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അതു ക്രിസ്ത്യാനികളെ ദൈവരാജ്യത്തിൽ നിന്നകറ്റും (ഗലാത്യർ 5:19–21). ഈ പ്രാർത്ഥനകളും പ്രബോധനങ്ങളും ഉണ്ടായിട്ടും, ഇന്നത്തെ ഇടവകകളിൽ പോരാട്ടം ഒരു പ്രശ്നം തന്നെയാണ്.

വാസ്തവത്തിൽ, പോരാട്ടം എന്ന ഘടകമാണ് മറ്റു പല പ്രശ്നങ്ങളേയും ബന്ധിപ്പിക്കുന്നത്. ഉദാഹരണത്തിനു, മൂപ്പന്മാർക്കും ഉപദേഷ്ടാക്കന്മാർക്കും ഇടയിലുള്ള വ്യത്യാസം, സൗകര്യങ്ങളെ കുറിച്ചു അല്ലെങ്കിൽ മിഷൻ പ്രവൃത്തികളെ കുറിച്ചുള്ള തർക്കങ്ങൾ, ഉപദേശപരമായ എതിർപ്പുകൾ എന്നിവ പോരാട്ടത്തിന്റെ ഫലമായുണ്ടാകാം. സഭാദ്ധ്യക്ഷൻ മറ്റെന്തു ചെയ്യുവാൻ ഒരുങ്ങിയാലും, അയാൾ വിജയകരമായി സഭയെ നയിക്കുവാൻ ആഗ്രഹിക്കുന്നു എങ്കിൽ പ്രശ്നങ്ങൾ തരണം ചെയ്യുന്നതിൽ സഭയെ സഹായിക്കുവാൻ അയാൾ സന്നദ്ധനായിരിക്കണം. അതിനു അയാൾ, മൂന്നു ചോദ്യങ്ങൾക്ക് ഉള്ള ഉത്തരം അറിഞ്ഞിരിക്കണം.

### എന്താണ് പോരാട്ടം?

നാം "പോരാട്ടം" എന്നു പറയുമ്പോൾ അഭിപ്രായ വ്യത്യാസത്തെയല്ല അർത്ഥമാക്കുന്നത്, അല്ലെങ്കിൽ "സംഘട്ടനം" എന്ന അർത്ഥത്തിലുമല്ല. എന്തുകൊണ്ട്? കാരണം അഭിപ്രായ വ്യത്യാസം എപ്പോഴും ഉണ്ടാകും, ആ അർത്ഥത്തിൽ, സഭയിലുള്ള സംഘട്ടനം എന്നാണ്. അത് ആളുകൾ വ്യത്യസ്തരായതുകൊണ്ട് പ്രശ്നങ്ങൾ ഉണ്ടാകുന്നു എന്ന വസ്തുത അല്ല. പൗലൊസും ബർന്നബാസും ഒരവസരത്തിൽ വളരെ വാദിക്കയുണ്ടായി, എന്നാൽ അവരുടെ സംഘട്ടനം സഭയെ ഉപദ്രവിച്ചില്ല. ആളുകൾ തമ്മിലുള്ള വ്യത്യാസം അല്ല പ്രശ്നങ്ങൾക്കു കാരണം,

എന്നാൽ ആ വ്യത്യാസത്തിൽ അവർ എന്തു ചെയ്യുന്നു എന്നതിലാണ് പ്രശ്നങ്ങൾ ഉണ്ടാകുന്നത്.

"വഴക്കിടൽ; പോരാടൽ" അല്ലെങ്കിൽ "ഒരു വഴക്ക്; പോരാട്ടം"[1] എന്നാണ് ഒരു ഇംഗ്ലീഷ് ഡിക്ഷ്ണറി "സ്ട്രൈഫ്" എന്ന വാക്ക് നിർവ്വചിക്കുന്നത്. മറ്റൊരു നിർവ്വചനം പറയുന്നത് "കയ്പു, ചിലപ്പോൾ അക്രമ പോരാട്ടം അല്ലെങ്കിൽ ഭിന്നിപ്പ്" അല്ലെങ്കിൽ "ഒരു വാദ പ്രവൃത്തി: പോരാട്ടം, ഇടർച്ച" എന്നിവ "മത്സരം ജനിപ്പിക്കുന്നതു" "സമാധാനം, യോജിപ്പു" തകർക്കുന്നു.[2] ഗലാത്യർ 5:20 ലെ ഗ്രീക്കു വാക്കിനെ ആർഎസ്‌വി, എൻആർഎസ്‌വി, എൻഏഎസ്‌വിയിൽ "സ്ട്രൈഫ്" എന്ന് തർജ്ജിമ ചെയ്തിരിക്കുന്നു (കെജെവിയിൽ തർജ്ജിമ ചെയ്തിരിക്കുന്നത് "അഭിപ്രായ വ്യത്യാസം" എന്നാണ്) അതു ചിലപ്പോൾ "പോരാട്ടം" എന്നും മറ്റു ചിലപ്പോൾ "കലഹിക്കൽ," "കലഹം," "സ്പർദ്ധ," അല്ലെങ്കിൽ "അഭിപ്രായ ഭിന്നത"[3] എന്നുമാണ് തർജ്ജിമ ചെയ്തിരിക്കുന്നത്. *വൈനിന്റെ എക്സ്പോസിറ്ററി ഡിക്ഷ്ണറി ഓഫ് ന്യൂ ടെസ്റ്റമെന്റ് വേഡ്സ്* അനുസരിച്ചു, അതിന്റെ അർത്ഥം "പോരാട്ടം, അഭിപ്രായ വ്യത്യാസം" എന്നും "ശത്രുതാ മനോഭാവം പ്രകടമാക്കൽ" എന്നുമാണ്.

അതുകൊണ്ടു "പോരാട്ടം," എന്നാൽ, തുടർച്ചയായ ഏറ്റുമുട്ടൽ അല്ലെങ്കിൽ ശത്രുതയാലുള്ള കലഹിക്കൽ എന്നാണ് നാം അർത്ഥമാക്കുന്നത് അതിന്റെ ഫലമായി ഭിന്നിപ്പിന്റെ അവസ്ഥ അല്ലെങ്കിൽ സഭാംഗങ്ങൾക്കിടയിൽ അഭിപ്രായഭിന്നതകൾ ഉടലെടുക്കും.

## പോരാട്ടത്തെ കൈകാര്യം ചെയ്യുവാൻ എന്തുകൊണ്ടു പഠിക്കണം?

പോരാട്ടം എന്ന പ്രശ്നം സഭാദ്ധ്യക്ഷന്മാർ പരിഹരിക്കേണ്ടതിന്റെ പ്രാധാന്യം എന്താണ്?

സഭയിൽ പോരാട്ടം ഉണ്ടാകുമ്പോൾ അദ്ധ്യക്ഷന്മാർ അതിനെ അതിജീവിക്കുവാൻ ശീലിക്കണം, ഒന്നാമത്, കാരണം ഭിന്നത, അല്ലെങ്കിൽ പോരാട്ടം, എന്നതു ഒരു പാപമാണ്. ഗലാത്യർ 5:19-21 നു പുറമെ, അതു പഠിപ്പിക്കുന്നത് പോരാട്ടം "ജഡത്തിന്റെ പ്രവൃത്തികൾ" ആണെന്നും, റോമർ 1:29-31-ൽ പോരാട്ടത്തെ "കുലപാതകനും" "വഞ്ചകനും" മദ്ധ്യേയുള്ള ലിസ്റ്റിലാണ് തരം തിരിച്ചത്. കർത്താവു വെറുക്കുന്ന ആറു കാര്യങ്ങളിൽ "സഹോദരന്മാർക്കിടയിൽ വഴക്കുണ്ടാക്കുന്നവനും" (സദൃശവാക്യങ്ങൾ 6:19; ആർഎസ്‌വി) ഉൾപ്പെടുന്നു.

രണ്ടാമതു, പോരാട്ടം പരിഹരിച്ചില്ലെങ്കിൽ, സഭ വളരുവാൻ പോകുന്നില്ല. (1) സഭാംഗങ്ങൾ സഭയുടെ ആന്തരിക പോരാട്ടത്തിലേക്ക് ഇറങ്ങിച്ചെല്ലുമ്പോൾ അവർക്കു ദൈവവചനം പഠിക്കുവാനോ പുറത്തുള്ളവരോടു പ്രസംഗിക്കുവാനോ കഴിയാതെ വരും. (2) ക്രിസ്തുവിലേക്കു നേടിയവരായ ആളുകൾ അംഗത്വ പോരാട്ടത്തിൽ, നിസാര കാര്യത്തിൽ ബഹളം വെച്ചു വിട്ടു പോകുന്നു. അതിൽ നമ്മുടെ കുട്ടികളും ഉൾപ്പെടുന്നു, അവരിൽ പലരും സഭ വിട്ടു പോകുവാനുള്ള കാരണം അവർ കാണുന്നതത്രയും വഴക്കും ഇടർച്ചയുമാണ്. (3) പലപ്പോഴും, പോരാട്ടഫലമായി, സഭയിൽ ഭിന്നിപ്പുണ്ടാകുന്നു, അല്ലെങ്കിൽ ചിലർ സഭ വിട്ടു പോകു

ന്നു, അല്ലെങ്കിൽ നിലനില്ക്കുന്നവർ പക്ഷെ അസന്തുഷ്ടരായിട്ട് കാണപ്പെടുന്നു. ഇവയിൽ ഏതെങ്കിലും ഒരു ഫലം ഉണ്ടായാൽ സഭയെ പുറകോട്ടു വലിക്കയും - ഏറ്റവും മോശമാകുന്ന അവസ്ഥ - പിന്നീട് ഭാവിയിൽ വളർച്ച അസാദ്ധ്യമാക്കുകയും ചെയ്യുന്നു എന്നതാണ്.

മൂന്നാമതു, ഇതു സഭയിൽ സർവ്വ സാധാരണ പ്രശ്നം ആകയാൽ ഇടവകകൾ പോരാട്ട പ്രശ്നത്തെ അതിജീവിക്കുവാൻ കഠിന പ്രയത്നം നടത്തണം. (1) അപ്പൊസ്തലന്മാർക്കും പോരാട്ടം ഉണ്ടായിരുന്നു (മത്തായി 20:20-28). (2) പ്രവൃത്തികളുടെ പുസ്തകത്തിൽ വിവരിച്ചതു പോലെ പോരാട്ടം ആദ്യ സഭയിലും ഉണ്ടായിരുന്നു. പ്രവൃത്തികൾ 6:1 പ്രകാരം, **"**യവനഭാഷക്കാർക്കും എബ്രായ ഭാഷക്കാർക്കും ഇടയിൽ ഒരു ആവലാധി ഉയർന്നുവന്നു**"** (പ്രവൃത്തികൾ 15 കൂടെ നോക്കുക). (3) പോരാട്ടം നിമിത്തം കൊരിന്ത്യാ സഭ ഭിന്നിക്കുകയുണ്ടായി (1 കൊരിന്ത്യർ 1:11). (4) ഫിലിപ്പിയ സഭയിലും പോരാട്ടം ഉണ്ടായി; രണ്ടു സ്ത്രീകൾക്കു യോജിച്ചു പോകുവാൻ പ്രയാസം നേരിട്ടു (ഫിലിപ്പിയർ 4:2). (5) മറ്റു ലേഖനങ്ങളിൽ വ്യാപകമായ പോരാട്ടം ഉണ്ടായതായി, വേദഭാഗം വെളിപ്പെടുത്തുന്നു (ഉദാ: റോമർ 14:19). പ്രശ്നത്തെ നേരിട്ടോ പരോക്ഷമായോ കൈകാര്യം ചെയ്യുക. (6) പോരാട്ടത്താൽ വ്യണമേല്ക്കാത്ത സഭ ഇന്നു കാണുവാൻ പ്രയാസമാണ്.

### പോരാട്ടത്തെ എങ്ങനെ അതിജീവിക്കാം?

പോരാട്ടം കുറയ്ക്കുവാൻ രണ്ടു നടപടികൾ സുപ്രധാനമാണ്: പ്രതിരോധവും ചികിത്സയും.

#### പോരാട്ടം തടയൽ

ഏറ്റവും നല്ല ചികിത്സ പ്രതിരോധമാണ്. ഐക്യത ഉളവാക്കുവാൻ ചെയ്യുന്നതെന്തും പോരാട്ടത്തെ ലഘൂകരിക്കും. താഴെ കൊടുത്തിരിക്കുന്ന ആറു വഴികൾ സഭാദ്ധ്യക്ഷന്മാർക്കു സഹായകരമാകും.

*പ്രസംഗിച്ചുകൊണ്ടും ഉപദേശിച്ചുകൊണ്ടും.* മാതൃകാപരമായി, ഏതൊരു പ്രശ്നം ഉണ്ടാകുന്നതിനു മുൻപും സഭ ആ വിഷയത്തെ കുറിച്ചു പ്രസംഗിക്കയും ഉപദേശിക്കയും ചെയ്യണം. സഭാംഗങ്ങൾ ഒന്നായി കാണണമെന്നാണ് ക്രിസ്തു ആഗ്രഹിക്കുന്നതെന്നു അവർ മനസ്സിലാക്കണം (യോഹന്നാൻ 17:20, 21) കൂടാതെ **"**ആത്മാവിന്റെ ഐക്യത സ്നേഹബന്ധത്തിൽ കാപ്പാൻ ശ്രമിക്കണം**"** (എഫെസ്യർ 4:3). ഭിന്നതക്കു കാരണമാകുന്ന പാപം ദൈവം വെറുക്കുന്നു എന്നവർ മനസ്സിലാക്കണം (സദൃശവാക്യങ്ങൾ 6:19) നമ്മുടെ സ്നേഹത്താലാണ് നാം ക്രിസ്തുവിനെ അറിയിക്കേണ്ടത് (യോഹന്നാൻ 13:34, 35). അവർ പഠിക്കേണ്ടത് എന്തെന്നാൽ, സദൃശവാക്യങ്ങൾ പ്രകാരം, ജ്ഞാനിയായ ഒരാൾ പോരാട്ടം ഒഴിവാക്കും:

> പക വഴക്കുകൾക്കു കാരണം ആകുന്നു, സ്നേഹമോ സകല ലംഘനങ്ങളെയും മൂടുന്നു (10:12).

> വക്രതയുള്ള മനുഷ്യൻ വഴക്കുണ്ടാക്കുന്നു, ഏഷണിക്കാരൻ മിത്രങ്ങളെ ഭേദിപ്പിക്കുന്നു (16:28).
>
> കലഹത്തിന്റെ ആരംഭം മടവെട്ടി വെള്ളം വിടുന്നതുപോലെ, ആകയാൽ കലഹമാകും മുമ്പേ തർക്കം നിർത്തിക്കളക (17:14).
>
> മൂഢന്റെ അധരങ്ങൾ വഴക്കിന്നു ഇടയാക്കുന്നു, ... (18:6).
>
> വ്യവഹാരം ഒഴിഞ്ഞിരിക്കുന്നതു പുരുഷന്നു മാനം, എന്നാൽ ഏതു ഭോഷനും ശണ്ഠ കൂടും (20:3).
>
> അത്യാഗ്രഹമുള്ളവൻ വഴക്കുണ്ടാക്കുന്നു, ... (28:25).
>
> കോപമുള്ളവൻ വഴക്കുണ്ടാക്കുന്നു, ക്രോധമുള്ളവൻ അതിക്രമം വർദ്ധിപ്പിക്കുന്നു (29:22).
>
> പാൽ കടഞ്ഞാൽ വെണ്ണയുണ്ടാകും, മൂക്കു ഞെക്കിയാൽ ചോര വരും, കോപം ഇളക്കിയാൽ വഴക്കുണ്ടാകും (30:33).

"പരക്കാര്യം നോക്കുന്നവരും വായാടികളും" ആകരുത് എന്നു മുന്നറിയിച്ചിട്ടുണ്ട് (1 തിമൊഥെയൊസ് 5:13; കൂടാതെ നോക്കുക റോമർ 1:29 ഉം 2 കൊരിന്ത്യർ 12:20). തീർച്ചയായും, എല്ലാ പ്രസംഗവും *സത്യത്തിലും സ്നേഹത്തിലുമായിരിക്കണം* (എഫെസ്യർ 4:15).

*ഐക്യതയുടെ മാതൃകയാൽ.* സഭാദ്ധ്യക്ഷന്മാർ ഐക്യതക്കു മാതൃക കാണിച്ചു കൊടുക്കണം. മൂപ്പന്മാർക്കും ഉപദേഷ്ടാക്ക (ന്മാർ) ക്കും ശുശ്രൂഷകന്മാർക്കും "യോജിച്ചു ഐക്യതയിൽ വസിപ്പാൻ" കഴിയുന്നില്ലെങ്കിൽ (സങ്കീർത്തനങ്ങൾ 133:1), പിന്നെ എങ്ങനെ ഇടവകയിലെ ശേഷിച്ച ആളുകളിൽ നിന്നു അവർക്കു ഐക്യത പ്രതീക്ഷിക്കുവാൻ കഴിയും?

*ആളുകളെ ഒന്നിച്ചു കൊണ്ടുവരുന്നതിനാൽ.* സ്നേഹമുള്ള കൂട്ടായ്മയിൽ പരസ്പരം "സഹോദരൻ" അല്ലെങ്കിൽ "സഹോദരി" എന്നു തോന്നത്തക്കവണ്ണം "കുടുംബ മനോഭാവം" നിലനില്ക്കുന്ന സഭയായി വളർത്തിക്കൊണ്ടുവരാൻ സഭാദ്ധ്യക്ഷന്മാർ ശ്രമിക്കണം. അതെങ്ങനെ സംഭവിക്കും?

അതിനു ആരംഭമായി, ആരാധനക്കു വരുന്നതിനു പുറമെ ക്രിസ്ത്യാനികൾ ഒരുമിച്ചു കൂടുവാനുള്ള അവസരങ്ങൾ അവർ ഒരുക്കണം: ബൈബിൾ ക്ലാസുകൾ, ജോലി ദിവസങ്ങൾ, പ്രത്യേക പരിപാടികൾ, മുതലായവ, ഏർപ്പെടുത്തുന്നതു ക്രിസ്ത്യാനികൾക്കു അന്യോന്യം നന്നായി അറിയുവാനും അന്യോന്യം കൂടുതൽ സ്നേഹിക്കുവാനും ഉള്ള അവസരങ്ങൾ ആയി കാണണം. പ്രത്യേകിച്ചു സഭ ഒന്നായിച്ചേർന്നു ഭക്ഷിക്കുന്ന അവസരങ്ങൾ ഉണ്ടാക്കണം. "കൂട്ടായ്മ വിഛേദിച്ചിരിക്കുന്നവരുമായി" "ഭക്ഷണം കഴിക്കാതിരിക്കുന്നതുപോലും" പ്രാധാന്യമുള്ള കാര്യമാണെങ്കിൽ (1 കൊരിന്ത്യർ 5:11), പിന്നെ വിശുദ്ധന്മാർ ഭക്ഷണം കഴിക്കുന്ന "കൂട്ടായ്മയും" തുല്യപ്രാധാന്യമുള്ളതാണ്!

*സഭയിൽ സ്നേഹവും ഊഷ്മളവുമായ അന്തരീക്ഷം സൃഷ്ടിച്ചു കൊണ്ട്.* അത്തരം അന്തരീക്ഷം വളർത്തിയെടുത്തുകൊണ്ട്, സഭാദ്ധ്യക്ഷന്മാർക്കു ആരാധനകൾ ഉയർത്തുവാൻ കഴിയും. ആരാധന മന്ദീഭവി

ക്കയും പാട്ടു താല്പര്യമില്ലാതെ പാടുകയും പ്രസംഗം മുഴുവനും നിഷേധാത്മകവുമാണെങ്കിൽ, ആളുകൾ ആത്മാവില്ലാതെയും ഹൃദയ ശൂന്യരായും ആരാധനയിൽ വന്നു കടന്നു പോകും – ആരാധനയ്ക്കു മുൻപു വന്നപ്പോൾ ആയിരുന്നതുപോലെ തന്നെ ആയിരിക്കും അവർക്ക് ദൈവത്തോടുള്ള ബന്ധം അല്ലെങ്കിൽ അവർ തമ്മിലുള്ള അടുപ്പം. മറിച്ച്, സ്നേഹ – സമ്പൂർണ്ണമായ ആരാധനാ ശുശ്രൂഷയും താല്പര്യത്തോടെയുള്ള പാട്ടും നല്ല ഉണർവ്വുണ്ടാക്കുന്ന പ്രസംഗവും ആളുകളെ ഒന്നിച്ചുകൂടുവാൻ സഹായിക്കും. അതിലുപരി, അദ്ധ്യക്ഷ ന്മാർക്കു ആളുകളുടെ പേരു പോലും അടുത്തറിയാം, കൂടാതെ അന്യോന്യം പേരറിയുവാൻ അംഗങ്ങളെ സഹായിക്കുകയുമാവാം. രോഗികളായവരെ, വേദനിക്കുന്നവരെ, അല്ലെങ്കിൽ മുറിവേല്ക്കപ്പെ ട്ടവരെ അവരുടെ പേരെടുത്തു പ്രാർത്ഥിക്കുകയും ഓർമ്മിക്കുകയും ചെയ്യണം. കൂടാതെ, സഭാദ്ധ്യക്ഷന്മാർക്കു നന്ദിയും അഭിനന്ദനവും പ്രക ടിപ്പിക്കുവാൻ കഴിവതും അന്തരീക്ഷം ഒരുക്കുകയും, കഴിയുന്നേട ത്തോളം, കഴിയുന്ന രീതിയിൽ, അംഗങ്ങളെ അതിൽ ഉൾപ്പെടുത്തു കയും വേണം.

*അഭിപ്രായ കാര്യങ്ങളിൽ വൈവിദ്ധ്യം അനുവദിച്ചുകൊണ്ട്.* അഭി പ്രായത്തിൽ വ്യത്യാസം അനുവദിക്കുന്ന കൂട്ടായ്മയായിരിക്കണം സഭാ ദ്ധ്യക്ഷന്മാർ രൂപപ്പെടുത്തേണ്ടത്. *എല്ലാ* ചോദ്യങ്ങൾക്കും കർശന നില പാട് അടിച്ചേല്പിക്കുവാൻ ശ്രമിച്ചാൽ സമാധാനത്തിനു പകരം പോരാട്ടം ആയിരിക്കും ഫലം.

*നേതൃത്വത്തിന്റെ ഒരു "തുറന്ന" ശൈലി അഭ്യസിച്ചുകൊണ്ട്.* സഭാ ദ്ധ്യക്ഷന്മാർ തങ്ങളുടെ പദ്ധതികളും വിചാരങ്ങളും തുറന്നു പറയേണ്ടതാ ണ്, അംഗങ്ങളുടെ ശ്രദ്ധയിൽ പെടുത്തേണ്ട കാര്യങ്ങൾ ആശയവിനി മയം നടത്തുവാനും, എല്ലാവരുടേയും ഉപദേശങ്ങളും സഹായങ്ങളും ആവശ്യപ്പെടുവാനും, അവ ലഭിക്കുമ്പോൾ അവയെ സ്വാഗതം ചെയ്യേണ്ട തിനുമാണത്. ഭൂരിഭാഗ വോട്ടിന്റെ അടിസ്ഥാനത്തിലല്ല തീരുമാനമെടു ത്തത്, മറിച്ചു അഭിപ്രായ ഐക്യത്തിൽ ആണെന്നുറപ്പു വരുത്തണം, അതു മറ്റുള്ളവരുമായി ചർച്ച ചെയ്തതിനുശേഷം മാത്രമായിരിക്കണം. സഭാദ്ധ്യക്ഷന്മാർ ന്യൂനപക്ഷത്തിന്റെ നിഷ്ഠൂര ഭരണം ഒഴിവാക്കേണ്ട തുമുണ്ട് – ഒരാളോ ഒന്നിലധികം വരുന്ന ചെറിയ കൂട്ടമോ ആയി, ഫല ത്തിൽ, "സഭയെ നടത്തുന്നതു" ഒഴിവാക്കേണ്ടതിന് ആ ഉദ്ദേശത്തോടെ മറ്റുള്ളവർ ഉന്നയിക്കുന്ന തടസവാദങ്ങളെ ഒഴിവാക്കണം. അങ്ങനെ സംഭ വിക്കാതിരിക്കേണ്ടതിനു, താഴെ പറയുന്നതുപോലെ തുറന്നു പറയാം: "സഭയിലെ ഓരോ അംഗത്തെയും ഞങ്ങൾ ബഹുമാനിക്കുന്നു. ഞങ്ങൾ നിങ്ങളുടെ അഭിപ്രായം കേൾക്കുവാൻ വാസ്തവത്തിൽ ആഗ്രഹിക്കു ന്നു. ഞങ്ങൾ, നിങ്ങളെ ശ്രദ്ധിച്ചശേഷം, മറ്റു വിധത്തിലുള്ള നടപടിയാണ് ശ്രേഷ്ഠമെന്നു തോന്നുകയും അതു മറ്റെല്ലാവരും അംഗീകരിക്കുകയും ചെയ്യുന്നു എങ്കിൽ (അംഗങ്ങളായ പുരുഷന്മാർ), ഞങ്ങൾ നിങ്ങളുടെ ഉപദേശം സ്വീകരിക്കയില്ല. അങ്ങനെ സംഭവിക്കുകയാണെങ്കിൽ, നിങ്ങൾ അതു വ്യക്തിപരമായി എടുക്കുകയില്ല എന്നു കരുതുന്നു, എന്നാൽ വലിയ നന്മ വരേണ്ടതിനു, നിങ്ങൾ ഞങ്ങളോടൊപ്പം പ്രവർത്തിക്കയും

സഹായിക്കയും, ഞങ്ങളോടൊപ്പം പ്രാർത്ഥിക്കയും വേണം. ഞങ്ങൾക്കു നിങ്ങളെ ആവശ്യമുണ്ട്."

**പോരാട്ടത്തിനുള്ള ചികിത്സ**

സാധാരണയായി, അതിനെതിരായി നാം എത്ര പ്രസംഗിച്ചാലും അല്ലെങ്കിൽ അത് ഒഴിവാക്കുവാൻ എത്ര ശ്രമിച്ചാലും, പ്രാദേശിക സഭയിൽ പോരാട്ടം ഉണ്ടാകും. അപ്പോൾ എന്തു ചെയ്യുവാൻ കഴിയും?

പ്രശ്നം തിരിച്ചറിയുകയും പരിഹരിക്കയും വേണം. പ്രവൃത്തികൾ 6–ൽ, പോരാട്ടം ഉണ്ടായപ്പോൾ അതെങ്ങനെ ആയിത്തീരും എന്നു സഭാദ്ധ്യക്ഷന്മാർ നോക്കിയി*രുന്നില്ല*, അല്ലെങ്കിൽ ദുഷ്പ്രേരണ നടത്തുന്നവർ കുഴപ്പക്കാരാണ് എന്നു കരുതി, അവരുടെ പരാതികൾ കേൾക്കേണ്ട എന്നും കരുതരുത്. അവർ പിറുപിറുപ്പിനെതിരെ പ്രസംഗിക്കുകയോ സഭയെ മുഴുവൻ ഉൾപ്പെടുത്തി ആലോചിക്കാതിരിക്കയും ചെയ്തില്ല. അവർ പ്രശ്നത്തെ കൈകാര്യം ചെയ്തു. അങ്ങനെയാണെങ്കിലും, അഭിപ്രായ വിയോജിപ്പുകൾ ഇന്നും കൈകാര്യം ചെയ്യണം. കർത്താവിൽ ഏക ചിന്തയോടിരിപ്പാൻ യുവൊദ്യയെയും സുന്തുകയെയും ഞാൻ പ്രബോധിപ്പിക്കുന്നു (ഫിലിപ്പിയർ 4:2), എന്നു പൗലൊസ് പഠിപ്പിച്ചതുപോലെ സഭയിൽ സഹോദരങ്ങൾ തമ്മിൽ വിയോജിപ്പുള്ളതു പരിഹരിച്ചു യോജിപ്പിൽ പോകുവാൻ സഭാദ്ധ്യക്ഷന്മാർ ശ്രമിക്കണം. എങ്ങനെ?

*ഒന്നാമതു, സഭാദ്ധ്യക്ഷന്മാർക്ക്, രഹസ്യമായി, വിയോജിപ്പുള്ളവരെ യോജിപ്പിക്കുവാൻ ശ്രമിക്കാം, അല്ലെങ്കിൽ കഴിയുന്നതും "വിയോജിക്കുവാൻ യോജിക്കണം."* രണ്ടു കക്ഷികളെ തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്ന പ്രശ്നം രമ്യമായി പരിഹരിക്കേണ്ടതിനു ബന്ധപ്പെട്ട രണ്ടു കക്ഷികളെയും രഹസ്യമായി വിളിച്ചു ഒന്നിപ്പിച്ചുകൊണ്ട് അദ്ധ്യക്ഷന്മാർ സമാധാനം ഉണ്ടാക്കുന്നവരുടെ പങ്ക് വഹിക്കണം. വാദിക്കുന്നവർ ആ ചോദ്യം സമ്മതിച്ചാൽ, പ്രശ്നം പരിഹരിച്ചു. അതു വിശ്വാസകാര്യമല്ല എന്നു രണ്ടു കൂട്ടരും സമ്മതിച്ചാൽ, അപ്പോൾ അവർ "വിയോജിക്കുവാൻ യോജിക്കുക" യായിരിക്കും. ആ വ്യത്യാസത്തിൽ വിശ്വാസകാര്യം ഉൾപ്പെടുന്നു എന്നു ഒരു കക്ഷി വിശ്വസിക്കുകയാണെങ്കിൽ, പ്രശ്നം പരിഹരിക്കപ്പെട്ടിട്ടില്ല.[4] പ്രശ്നം വിശ്വാസ കാര്യമല്ല എന്നു രണ്ടുകൂട്ടരും സമ്മതിച്ചാൽ പോലും, അപ്പോഴും അവർക്കു യോജിക്കുവാൻ പറ്റാത്ത പ്രാധാന്യമുള്ളതാണെന്നു വാദിച്ചേക്കാം. ഒരു ഉപദേഷ്ടാവിനെ ശമ്പളത്തിനു നിയമിക്കണോ വേണ്ടയോ എന്ന കാര്യത്തെ കുറിച്ച് അല്ലെങ്കിൽ സഭാമന്ദിരം മതപരമല്ലാത്ത കാര്യങ്ങൾക്കു ഉപയോഗിക്കുന്നതിനെ കുറിച്ചായിരിക്കാം രണ്ടു കൂട്ടർക്കും യോജിക്കുവാൻ പറ്റാത്ത പ്രാധാന്യം ഉള്ളതായി കാണുന്നത്.

*രണ്ടാമതു, പോരാട്ടത്തിൽ മിക്കവാറും നേരിട്ടു ബന്ധപ്പെട്ടവർക്ക് യോജിപ്പിൽ എത്തുവാൻ കഴിയാതെ വന്നാൽ, ഒരു തുറന്ന ചർച്ചക്കു സഭാദ്ധ്യക്ഷന്മാർ അവസരം ഒരുക്കി പ്രശ്നം പരിഹരിക്കുവാൻ ശ്രമിക്കണം.* വാസ്തവത്തിൽ, പ്രശ്നം കൂടുതൽ സങ്കീർണ്ണമായാൽ, കൂടുതൽ മീറ്റിങ്ങുകൾ വിളിക്കാം. യോഗം (അല്ലെങ്കിൽ യോഗങ്ങൾ) ചില മാർഗ്ഗരേഖകൾ പ്രകാരം ആണ് നടത്തേണ്ടത്; താഴെ കൊടുത്തിരിക്കുന്നവ അതിൽ ഉൾപ്പെടുത്താം:

(1) *ദൈവത്തിന്റെ നിർദ്ദേശം കണ്ടെത്തുക.* ആ നടപടിയിൽ പ്രാർത്ഥന ഒരു ഭാഗമായിരിക്കണം. നാം "ഇടവിടാതെ പ്രാർത്ഥിക്കുക യാണെങ്കിൽ" (1 തെസലൊനിക്യർ 5:17; കൂടാതെ നോക്കുക ലൂക്കൊസ് 18:1; റോമർ 12:12; കൊലൊസ്യർ 4:2), പിന്നെ തീർച്ചയായും നമ്മെ തമ്മിൽ വേർതിരിച്ച പ്രശ്നത്തിന്റെ പരിഹാരത്തിനു നാം കൂടി വരുമ്പോൾ പ്രാർത്ഥിക്കണം. നമ്മുടെ പ്രാർത്ഥന സമാധാനവും ഐക്യതയും കൈവ രിക്കേണ്ടതിനായിരിക്കണം (മത്തായി 7:7, 8; 1 യോഹന്നാൻ 5:14, 15).

(2) *വ്യക്തിത്വങ്ങൾ അല്ല, പ്രശ്നങ്ങളിലാണ് ശ്രദ്ധിക്കേണ്ടതു.* പരി ഹരിക്കേണ്ട ചോദ്യത്തിനാണ് ഊന്നൽ കൊടുക്കേണ്ടത്, അല്ലാതെ വ്യക്തിത്വങ്ങൾക്കാകരുത്. വിവാദത്തെ കൈകാര്യം ചെയ്യുവാനുള്ള നല്ല മാർഗ്ഗം അതു സഭ നേരിടുന്ന പ്രശ്നമായി അല്ലെങ്കിൽ വെല്ലുവിളിയായി കാണണം എന്നതാണ്. വ്യക്തികളെ നോക്കാതെ അദ്ധ്യക്ഷന്മാർ അതിനെ ചർച്ച ചെയ്യണം, ഒരർത്ഥത്തിൽ, പ്രശ്നത്തെ "ഞാനും" "നിങ്ങളും" എന്ന രീതിയിൽ – വ്യക്തിപരമായ തർക്കമായി കാണരുത്. ചോദ്യത്തെ ഇങ്ങനെ വാക്കുകളിലൂടെ ആവിഷ്ക്കരിക്കാം "ഇതാണ് സഭ നേരിടുന്ന സാഹച ര്യം. ഇതെല്ലാമാണ് പ്രശ്നങ്ങൾ. ഇനി എന്താണ് പരിഹാര സാധ്യതകൾ, കൂടാതെ എന്താണ് ഏറ്റവും നല്ല പരിഹാരം?"

(3) *കഠിന വിദ്വേഷത്തെ കീഴടക്കൽ:* പ്രശ്നം പരിഹരിക്കുന്നതിനു മുൻപു വ്യക്തി വിദ്വേഷം അവസാനിപ്പിക്കണം. ഉദാഹരണത്തിനു, ഒരു സഭാദ്ധ്യക്ഷൻ തന്റെ "എതിരാളിയോട്," വിദ്വേഷ മനോഭാവത്തിലാണെ ങ്കിൽ അയാൾ അതു സ്വയം സമ്മതിക്കുകയും പിന്നെ പ്രശ്നം എത്രയും വേഗം തന്നാലാവുന്നതു ചെയ്തു മുൻവിധി കൂടാതെ പരിഹരിക്കയും വേണം. മറ്റൊരാളോടുള്ള വിദ്വേഷം ഇല്ലാതാക്കുവാൻ ഏറ്റവും നല്ല മാർഗ്ഗം അയാളുമായി സൗഹൃദം പുലർത്തുകയാണ്.

(4) *ന്യായം ആവശ്യപ്പെടുന്നു.* എല്ലാവർക്കും സംസാരിക്കുവാനുള്ള ഒരവസരം ഉണ്ടാകണം. തീർച്ചയായും, ഒരു സമയത്ത് ഒരാൾ മാത്രം സംസാരിക്കണം. ചർച്ചയിൽ ആരും ആധിപത്യം നടത്തരുത്; ഓരോരു ത്തർക്കും സംസാരിക്കുവാൻ തുല്യ സമയം കൊടുക്കണം.

(5) *ക്രിസ്തുവിനെ പോലെയുള്ള മനോഭാവം കാണിക്കുക.* ഓരോ രുത്തരും ക്രിസ്തീയ മനോഭാവത്തിൽ പെരുമാറുവാൻ പ്രബോധിപ്പി ക്കുക. ബഹളമോ, വ്യക്തിപരമായ കുറ്റാരോപണങ്ങളോ, ഭീഷണിപ്പെ ടുത്തലോ ഉണ്ടാകാൻ അനുവദിക്കരുത്.

(6) *തുറന്ന സമീപനം നല്കുക.* നല്കപ്പെട്ട അതിരുകൾക്കുള്ളിൽ നിന്നുകൊണ്ട്, ഓരോരുത്തരേയും അവരവരുടെ മനസ്സിൽ ഉള്ളതു പറ യുവാൻ അനുവദിക്കണം, അതു ഒരു വ്യക്തി എന്ന നിലയിൽ തന്നെ ആരെങ്കിലും തള്ളിക്കളയുമെന്നോ പരിഹസിക്കുമെന്നോ ഭയം കൂടാതെ വേണം (അയാളുടെ ആശയം സ്വീകരിക്കുവാനിടയില്ലെങ്കിലും). *പല കാര്യങ്ങളിലും, "എതിരഭിപ്രായക്കാരെ" പറയുവാൻ അനുവദിക്കുന്നത് ഇടവകയിലെ മിക്ക ആളുകളുടേയും അഭിപ്രായത്തിനു വിരുദ്ധമായ അഭിപ്രായമുള്ളവർക്കു തൃപ്തികരമാകും.*

(7) *വികാരങ്ങളും വസ്തുതകളും പരിഗണിക്കുക.* ചർച്ചയിൽ പങ്കെ ടുക്കുന്നവരുടെ വികാരങ്ങളും തോന്നലുകളും അനുമോദിക്കണം.

വസ്തുതകളെ അടിസ്ഥാനപ്പെടുത്തിയതല്ലാത്ത വികാരങ്ങളെ അടിസ്ഥാനപ്പെടുത്തിയ കാര്യങ്ങൾ ആണെങ്കിൽ അതു തള്ളിക്കളയുവാൻ എളുപ്പമാണ്. എങ്ങനെയായാലും, വികാരങ്ങൾ വസ്തുത*കളാണ്*. ആളുകൾ ചിലതിനെ കുറിച്ചു വികാരം കൊള്ളുന്നതു പരിഗണിക്കേണ്ട വസ്തുതയാണ്. എല്ലാ "വസ്തുതകളും" അല്ലെങ്കിൽ "യുക്തികളും" ഒരു ദിശയിലേക്കായിരിക്കും വിരൽ ചൂണ്ടുന്നത്, എന്നാൽ ഭൂരിഭാഗം അംഗങ്ങളുടെയും "വികാരങ്ങൾ" മറ്റൊരു വഴിയിലേക്ക് വിരൽ ചൂണ്ടുകയാണെങ്കിൽ, അവരുടെ "വികാരങ്ങൾ" "വസ്തുതകൾ" പോലെ വിലയുള്ളതാണ്.

(8) *ഒരു സമയ പരിധി ഉണ്ടാവുക.* ചർച്ചക്കു ഒരു സമയ പരിധി വെക്കുകയും, പിന്നെ/അല്ലെങ്കിൽ ആരെയെങ്കിലും ആ ചർച്ച നിയന്ത്രിക്കുന്നതിനു നിയോഗിക്കുക. ആ അദ്ധ്യക്ഷൻ പക്ഷഭേദമില്ലാത്ത നിലപാട് എടുക്കുന്ന ആളായിരിക്കണം; ചർച്ചയിൽ രണ്ടു കൂട്ടരുടേയും ന്യായം കേൾക്കുകയും ചർച്ച ക്രിയാത്മകമായി പര്യവസാനത്തിലേക്കു നയിക്കുകയും ചെയ്യുന്നതാണ് അയാളുടെ കർത്തവ്യം. അത്തരം വ്യക്തിക്ക് മീറ്റിങ്ങിൽ എല്ലാവരും സംസാരിച്ചു കഴിഞ്ഞു എന്നു സ്പഷ്ടമാകുകയും മറ്റൊന്നും നേടാനില്ലാത്തതുകൊണ്ടും യോഗം അവസാനിപ്പിക്കുവാൻ അധികാരം നല്കണം.

(9) *ഒരു വിട്ടുവീഴ്ച്ചാ മനോഭാവം പ്രകടിപ്പിക്കുക.* ചർച്ചയിൽ പങ്കെടുക്കുന്നവർ എല്ലായ്പ്പോഴും മനസ്സിലാക്കേണ്ടതു വിട്ടുവീഴ്ച്ച ചെയ്യുന്നതിൽ തെറ്റില്ല എന്നാണ്. ചിലപ്പോൾ, തർക്കമുള്ള ചോദ്യങ്ങളിൽ അഭിപ്രായൈക്യം ഉണ്ടാകുവാൻ രീതികളിൽ മാറ്റം വരുത്തുകയോ ("സഭയ്ക്കുവേണ്ടി ഒരിക്കൽ എന്നേക്കുമായി ഭരമേല്പിക്കപ്പെട്ട വിശ്വാസ"ത്തിനു മാറ്റം വരാതെ), സഭാദ്ധ്യക്ഷന്മാർ ആവശ്യമുള്ള വിട്ടുവീഴ്ച്ചക്കു തയ്യാറാകുകയോ, ഏതെങ്കിലും രീതിയിൽ നിർദ്ദേശിക്കപ്പെട്ട പ്രോഗ്രാം മാറ്റുകയോ ചെയ്യാം.

(10) *പൊതുസമ്മതത്തിൽ തീരുമാനത്തിലെത്തുക.* പൊതുസമ്മതത്തിൽ വേണം തീരുമാനം എടുക്കുവാൻ, അല്ലാതെ ഭൂരിഭാഗത്തിന്റെ വോട്ടിന്റെ അടിസ്ഥാനത്തിൽ ആകരുത്.

ജെയിംസ് മീൻസ്, *ലീഡർഷിപ്പ് ഇൻ ക്രിസ്റ്റ്യൻ മിനിസ്ട്രി*യിൽ, സഭാപ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാനായി ഒരു മാതൃകാ മീറ്റിങ്ങ് (അല്ലെങ്കിൽ മീറ്റിങ്ങുകൾ) എങ്ങനെയായിരിക്കണമെന്നു പറയുന്നുണ്ട്, പ്രവൃത്തികൾ 15 നെ ഉദാഹരണമായി എടുത്തുകൊണ്ടുള്ള ആ മാതൃക ഇന്നു ക്രിസ്തീയ സഭാദ്ധ്യക്ഷന്മാർക്ക് തീരുമാന-മെടുക്കുമ്പോൾ ഉപയോഗിക്കാം. ആ സന്ദർഭത്തിൽ അവർ ചെയ്തതു എന്തെന്ന് അദ്ദേഹം പറയുന്നുണ്ട്,

> ആദിമ സഭയുടെ നടപടി ഒരു നല്ല മാതൃകയായി എടുക്കാമെങ്കിൽ, ആധുനിക സഭയ്ക്കു ഈ അന്തിമ തീർപ്പുകൾ പ്രായോഗികമാക്കാം:
>
> a. സഭയെ പൂർണ്ണമായി ബാധിക്കുന്ന മുഖ്യമായ നയരൂപീക

രണതീരുമാനങ്ങൾ എടുക്കേണ്ടത് താല്പര്യമുള്ളവരെയെല്ലാം ഉൾപ്പെടുത്തി ഒരു തുറന്ന ചർച്ചയിലൂടെ വേണം. അദ്ധ്യക്ഷന്മാർ അത്തരം യോഗങ്ങളുടെ അദ്ധ്യക്ഷത വഹിക്കുകയും, തർക്കത്തിൽ പങ്കുചേരുകയും, അഭിപ്രായവ്യത്യാസം അനുവദിക്കയും, ന്യായവാദത്താൽ, വസ്തുതകളാൽ, ആത്മാർത്ഥമായ വികാരത്താൽ സ്വാധീനിക്കാൻ ശ്രമിക്കയും, സാവധാനം സഭയെ ഒരു തീരുമാനത്തിലെത്തുന്നതിലേക്കു നയിക്കയും വേണം. ഉയർന്ന-ആളുകളുടെ രീതികളൊക്കെ അവർക്ക് ഒഴിവാക്കാം: തർക്കങ്ങളുള്ള വൈകാരിക പ്രശ്നങ്ങളിൽ ഏകപക്ഷീയ തീരുമാനങ്ങൾ എടുക്കുകയോ വാദപ്രതിവാദങ്ങൾ കുറയ്ക്കുകയോ ചെയ്യാം. പൊതു സമ്മതത്തിനായി അദ്ധ്യക്ഷന്മാർ സമയം അനുവദിക്കണം.

b. ദൈവനിർദ്ദേശവും അനുഗ്രഹവും ലഭിക്കേണ്ടതിനും പ്രശ്നം പരിഹരിച്ച് ഒരു പ്രധാന തീരുമാനത്തിലെത്തുവാനും, സഭ വേണ്ടത്ര സമയം എടുത്ത് പ്രാർത്ഥിക്കണം. ...

c. ദൈവ നിർദ്ദേശം എന്തായിരിക്കും എന്നതിനു സൂചന ലഭിക്കുവാൻ എല്ലാ തിരുവെഴുത്തും എടുത്തു നോക്കാം. ഒരു പ്രശ്നത്തിന്മേലുള്ള പ്രാഥമികമായ വാക്യങ്ങൾ ഉദ്ധരിക്കേണ്ട ഉത്തരവാദിത്വം സഭാദ്ധ്യക്ഷന്മാർക്കാണ് കാരണം അവർക്കു ബൈബിൾപരമായി ഉയർന്ന പരിശീലനം ലഭിച്ചിട്ടുണ്ട്. എന്നാൽ എല്ലാ വിവാദങ്ങൾക്കും തീരുമാനങ്ങൾ എടുക്കുവാൻ തിരുവെഴുത്തിൽ വാക്യങ്ങൾ ഇല്ലെങ്കിലും, അവ സാധാരണ പ്രയോഗിക്കാവുന്ന തത്വങ്ങളാണ്.[5]

*മൂന്നാമതു, ചിലപ്പോൾ സഭയുടെ ഐക്യതക്കു സഹോദരങ്ങൾ വേർപിരിഞ്ഞു കർത്താവിനെ വിശ്വസ്തമായി സേവിപ്പാൻ പ്രവർത്തിക്കുന്നതാണ് നല്ലത്.* പൗലൊസിന്റെയും ബർന്നബാസിന്റെയും അനുഭവം, പ്രവൃത്തികൾ 15:36–41 വരെ വിവരിച്ചിരിക്കുന്നതു, ഈ ആശയത്തെ സൂചിപ്പിക്കുന്നു. ഒന്നാമത്തെ മിഷ്ണറി യാത്രയിൽ സ്ഥാപിക്കപ്പെട്ടതായ ഇടവകയിലെ സഹോദരന്മാർ എങ്ങനെയിരിക്കുന്നു എന്നറിവാൻ പൗലൊസ് ബർന്നബാസിനേയും കൂട്ടിപോകുവാൻ ഇഛിച്ചു. ബർന്നബാസ് അതിനോടു യോജിച്ചു, എന്നാൽ അവന് മർക്കൊസിനേയും അവരോടൊപ്പം കൂട്ടണമായിരുന്നു (കൊലൊസ്യർ 4:10). എങ്ങനെയായാലും, മർക്കൊസ് ഒന്നാമത്തെ യാത്രയിൽ അവരെ വിട്ടു പോയവനായിരുന്നു (പ്രവൃത്തികൾ 13:13) അവന്റെ ഉദാസീനതയെ കുറ്റപ്പെടുത്തി, പൗലൊസ്, അവനെ കൂടെ കൊണ്ടു പോകുവാൻ കൂട്ടാക്കിയില്ല. അതിന്റെ ഫലമായി, പൗലൊസും ബർന്നബാസും തമ്മിൽ, വാദം മാത്രമല്ല, “ഉഗ്രവാദം” ഉണ്ടായി (പ്രവൃത്തികൾ 15:39). തൽഫലമായി, ഓരോരുത്തരും താന്താന്റെ വഴിക്കു പോയി: “... അവർ അന്യോന്യം വേർപിരിഞ്ഞു” (പ്രവൃത്തികൾ 15:39). ബർന്നബാസും മർക്കൊസും ആദ്യ യാത്രയിൽ സന്ദർശിച്ച കുപ്രൊസ് ദ്വീപിലേക്കു, കപ്പൽ കയറി പോയി (പ്രവൃത്തികൾ 13:4–12) അവിടെ ആയിരുന്നു ബർന്നബാസിന്റെ വീട് (പ്രവൃത്തികൾ 4:36, 37). പൗലൊസ് ശിലാസിനെ കൂട്ടി, ആസ്യാ പട്ടണങ്ങളിൽ എവിടെയെല്ലാം

സഭകൾ സ്ഥാപിച്ചിരുന്നുവോ, ആ പട്ടണങ്ങളിലേക്ക് കിലിക്യ വഴി പോയി (അവിടെയാണ് അവന്റെ വീട്, പ്രവൃത്തികൾ 22:3) പോകുന്ന വഴിക്കായിരുന്നു അത് (പ്രവൃത്തികൾ 15:40, 41).

നമുക്ക് പൗലൊസിന്റേയും ബർന്നബാസിന്റേയും സംഭവത്തിൽ നിന്നു മനസ്സിലാക്കാൻ കഴിയുന്നത് പാപം ചെയ്യാതെ തന്നെ വിശ്വസ്ത രായ രണ്ടു സഹോദരന്മാർ തമ്മിൽ പ്രായോഗിക സൗകര്യത്തെ സംബ ന്ധിച്ചു വിയോജിക്കുവാൻ സാധ്യതയുണ്ടെന്നാണ്. ഇങ്ങനെയുള്ള കാ ര്യങ്ങളിൽ വിയോജിക്കുവാൻ ക്രിസ്ത്യാനികൾക്കു യോജിക്കാം, എന്നാൽ വിയോജിപ്പു ചിലപ്പോൾ ഉഗ്രവാദമായും മാറിയേക്കാം. വാസ്ത വത്തിൽ, ആ സഹോദരങ്ങൾക്ക്, ഒരുമിച്ചു പ്രവർത്തിക്കുവാൻ അസാ ധ്യമായും തീർന്നേക്കാം. അങ്ങനെ സംഭവിക്കുമ്പോൾ, ആ സഹോദര ങ്ങൾ വേർപിരിഞ്ഞു പ്രവർത്തിക്കുകയാണ് നല്ലത്. അവർ അങ്ങനെ വേർപിരിഞ്ഞു പ്രവർത്തിക്കുന്നതു, സഭയ്ക്കു മൊത്തത്തിൽ വലിയ സമാധാനമായിരിക്കും ഉണ്ടാക്കുക. ദൈവകൃപയാൽ, അതിന്റെ ഫല മായി ദീർഘകാലത്തേക്കു നന്മ കൂടുകയും ചെയ്യും. പ്രവൃത്തികൾ 15 ലെ കാര്യത്തിൽ, രണ്ടോ മൂന്നോ ആളുകൾക്കു പകരം, നാലുപേ രായി, മിഷൻ രംഗത്തേക്കു പോയി, ഒരു സ്ഥലത്തേക്കു പോകുന്നതി നുപകരം രണ്ടു സ്ഥലത്തേക്കു പോയി. ഒരുപക്ഷെ, അതുകൊണ്ട് രണ്ടി രട്ടി ഫലം ഉണ്ടായിക്കാണും! എങ്ങനെയായാലും, സകലവും "നന്മെ ക്കായി കൂടി വ്യാപരിക്കുന്നു" എങ്കിൽ (റോമർ 8:28), അതിൽ ഉൾപ്പെട്ട ആളുകളിൽ നല്ല മനോഭാവം ഉണ്ടാകണമെന്നു മാത്രം. ആ അനുഭവ ത്തിൽ നിന്നു പൗലൊസ് ബർന്നബാസിനേക്കാൾ ചെറുതായി എന്ന ചിന്ത വന്നതായി സൂചനയില്ല, അവൻ മർക്കൊസിനെതിരായി ഒരു വി ദ്വേഷവും കാണിച്ചില്ല. വാസ്തവത്തിൽ, ഒരിക്കൽ തന്നോടുകൂടെ കൂടു വാൻ കഴിയാതിരുന്നവനെ കുറിച്ചു പൗലൊസ് ബഹുമാനത്തോടെയും നല്ല അഭിപ്രായത്തോടെയും ആണ് സംസാരിച്ചത് (കൊലൊസ്യർ 4:10; 2 തിമൊഥെയൊസ് 4:11).

**ഉപസംഹാരം**

പോരാട്ടത്തെ സംബന്ധിച്ച് സഭാദ്ധ്യക്ഷന്റെ ലക്ഷ്യം എന്തെന്നാൽ സമാധാനത്തെ സ്നേഹിക്കുകയും, കഴിവതും എല്ലാവരോടും സമാധാ നപരമായി ഇരിക്കുകയും (റോമർ 12:18), സമാധാനം ഉണ്ടാക്കുകയും വേണം.

ഒരു സമാധാനകാംക്ഷിയുടെ മാതൃകയാണ് അബ്രഹാം തരുന്നത്. അവനും അവന്റെ സഹോദരനായ ലോത്തും വലിയ ആടുമാടുകളു ടെയും സമ്പത്തിന്റെയും ഉടമകളായി തീർന്നു (ഉല്പത്തി 13:2, 5). കുറെ കാലം അവർ ഒരുമിച്ചു താമസിക്കയും യാത്ര ചെയ്യുകയും ചെയ്തു, ഒരു സമയം വന്നപ്പോൾ "അവർ ഒന്നിച്ചു പാർപ്പാൻ തക്കവണ്ണം ദേശ ത്തിന്നു അവരെ വഹിച്ചു കൂടാഞ്ഞു; സമ്പത്തു വളരെ ഉണ്ടായിരുന്ന തുകൊണ്ടു അവർക്കു ഒന്നിച്ചു പാർപ്പാൻ കഴിഞ്ഞില്ല, അബ്രാമിന്റെ കന്നു കാലികളുടെ ഇടയന്മാർക്കും ലോത്തിന്റെ കന്നുകാലികളുടെ ഇടയ ന്മാർക്കും തമ്മിൽ പിണക്കമുണ്ടായി" (ഉല്പത്തി 13:6, 7; ആർഎസ്‌വി).

അവർക്കു എന്തു ചെയ്യുവാൻ സാധിച്ചു? ലോത്തിനോടു വിട്ടുപോകുവാൻ പറഞ്ഞിട്ടു, അബ്രഹാമിനു അവിടെ താമസിക്കാമായിരുന്നു. പകരം, ദേശം തിരഞ്ഞെടുക്കുവാൻ അവൻ ലോത്തിനെ അനുവദിച്ചു:

> അതുകൊണ്ടു അബ്രാം ലോത്തിനോടു, എനിക്കും നിനക്കും, എന്റെ ഇടയന്മാർക്കും, നിന്റെ ഇടയന്മാർക്കും തമ്മിൽ, പിണക്കം ഉണ്ടാകരുതേ; നാം സഹോദരന്മാരല്ലൊ. ദേശമെല്ലാം നിന്റെ മുമ്പാകെ ഇല്ലയോ? എന്നെ വിട്ടു പിരിഞ്ഞാലും: നീ ഇടത്തോട്ടെങ്കിൽ, ഞാൻ വലത്തോട്ട് പൊയ്ക്കൊള്ളാം; നീ വലത്തോട്ടെങ്കിൽ, ഞാൻ ഇടത്തോട്ടു പൊയ്ക്കൊള്ളാം, എന്നു പറഞ്ഞു (ഉല്പത്തി 13:8, 9; കെജെവി).

"സംഭവത്തിന്റെ ശേഷം ഭാഗം" നമുക്കറിയാം. ലോത്ത് "തന്റെ കൂടാരം സോദോം വരെ അടിച്ചു" (ഉല്പത്തി 13:12; കെജെവി), അവസാനം അവനും അവന്റെ കുടുംബത്തിനും വിപത്തുണ്ടായി. അതിനെതിരായി, അബ്രാമിനു അവന്റെ പിതൃദേശത്തു നിന്നു വിളിച്ചു അവന്നു പുതിയ വാഗ്ദാനങ്ങൾ നല്കുകയുണ്ടായി (ഉല്പത്തി 13:14–17).

സമാധാനത്തിനു നാം എന്തു വിലയാണ് നല്കുവാൻ പോകുന്നത്? "സമാധാനം എന്തു വിലയ്ക്കും" – നിർമ്മലമായ ഉപദേശത്തിന്റെ വിലയ്ക്കു പോലും – കൂടുതലാണ്. എന്നിരുന്നാലും, കുടുംബ സമാധാനത്തിനു വേണ്ടി അബ്രഹാമിനെ പോലെ നാം എന്തു വിലയും കൊടുക്കുവാൻ തയ്യാറാകണം. നാം ഇങ്ങനെ പറയുവാൻ ശീലിക്കണം, "നമുക്കു തമ്മിൽ ഒരു പോരാട്ടവുമുണ്ടാകരുത്. നിങ്ങൾക്കു നിങ്ങളുടെ തിരഞ്ഞെടുപ്പു നടത്താം, നിങ്ങൾക്കു നിങ്ങളുടെ വഴി, അങ്ങനെ നമുക്കു സമാധാനം നിലനിർത്താം. എങ്ങനെയായാലും, നമ്മൾ സഹോദരങ്ങളാണ്."

കുറിപ്പുകൾ

[1]*ദ വേൾഡ് ബുക്ക് എൻസൈക്ലോപീഡിയ ഡിക്ഷ്ണറി,* എസ്.വി. "സ്ട്രൈഫ്." [2]*വെബ്സ്റ്റേഴ്സ് ന്യൂ കോളേജിയേറ്റ് ഡിക്ഷ്ണറി,* എസ്.വി. "സ്ട്രൈഫ്." [3]ആ വാക്കു വരുന്ന വേദഭാഗങ്ങളിൽ റോമർ 1:29; 13:13; 1 കൊരിന്ത്യർ 1:11; 3:3; 2 കൊരിന്ത്യർ 12:20; ഫിലിപ്പിയർ 1:15; 1 തിമൊഥെയൊസ് 6:4; ഉം തീത്തൊസ് 3:9 ഉം ഉൾപ്പെടുന്നു. [4]നിർദ്ദേശങ്ങൾക്ക്, "ഉപദേശപരമായ പ്രശ്നങ്ങളെ നേരിടൽ," എന്ന പാഠം നോക്കുക, പ്രത്യേകിച്ചു റോമർ 14 ന്റെ ചർച്ച. [5]ജെയിംസ് ഈ. മീൻസ്, *ലീഡർഷിപ്പ് ഇൻ ക്രിസ്റ്റ്യൻ മിനിസ്ട്രി* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1989), 192–93.

"ദൈവേഷ്ടത്തിനായി ഒരാൾ തന്റെ ഇഷ്ടത്തെ മാറ്റേണ്ടി വന്നാൽ ഒരു നിരാശക്കും വകയില്ല."



© 2009 Truth for Today